# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1339**

**30.01.2018-ന് മറുപടിയ്ക്ക്**

## സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജക മണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള നെന്മാറ ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ 7.82 കോടി (ഏഴുകോടി എൺപത്തിരണ്ട് ലക്ഷം രൂപ) രൂപയ്ക്കുള്ള എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായമായ 5 കോടി രൂപയ്ക്ക് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജക മണ്ഡലത്തിൽ നിന്ന് 3 കോടി (മൂന്ന് കോടി) രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള രണ്ട് സ്കൂളുകളുടെ വിശദമായ പ്രോജക്ട് |

റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കൂടാതെ മണ്ഡലത്തിൽ ഉൾപ്പെട്ട വട്ടേക്കാട് ഗവ.യു.പി.എസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസിയാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ 'കിറ്റ്കോ'യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ ടെൻഡർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സ്കൂൾ വികസന ഗ്രൂപ്പിൽ ചർച്ച ചെയ്ത പദ്ധതികൾ അംഗീകരിച്ച് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ വികസന ഗ്രൂപ്പുകളുമായി ചർച്ച നടത്തിയാണ് വിവിധ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ഡി) പ്രസ്തുത പദ്ധതികൾ 2019-ൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ